# സംസ്ഥാന വിവരാവകാശ കമ്മിഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 039.**
**Tel: 0471 2335199, Fax: 0471 2330920**
**Email: sic@infokerala.org.in**

ഹർജി നമ്പർ CP.16/2007/SIC തീർപ്പു കൽപ്പിച്ചുകൊ ുള്ള നടപടി ക്രമം.
File No.4258/SIC-Gen 1/2007

| | |
|---|---|
| പ്രദീപ് കുമാർ. വി.ടി.,<br>മുയ്യോട്ട് വീട്, വട്ടോളി (പോസ്റ്റ്), കോഴിക്കോട്. | പരാതിക്കാരൻ |
| കെ. മോഹൻദാസ്,<br>സെക്രട്ടറി/ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,<br>കക്കാട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക്,<br>കക്കാട്ടിൽ, കോഴിക്കോട്. | എതൃകക്ഷി |

## ഉത്തരവ്

1. പരാതിക്കാരനായ പ്രദീപ്കുമാർ. വി.ടി 20.11.2006 തീയതി വച്ച് സംസ്ഥാന വിവരാവകാശ കമ്മിഷൻ മൂമ്പാകെ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച പരാതി 30.11.2006 ന് കമ്മിഷന് ലഭിച്ചിട്ടുള്ളതും, പരാതി CP.No.16/2007/SIC ആയി ഫയലിൽ സ്വീകരിച്ച് തുടർ നടപടികൾ കൈക്കൊ ിട്ടുള്ളതുമാണ്.

2. പരാതിക്ക് ആസ്പദമായ സംഗതികൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

ഹർജിക്കാരൻ 25.09.2006 തീയതി വച്ച് എതൃകക്ഷി മുമ്പാകെ വിവരാവകാശ നിയമപ്രകാരം ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. 31.09.2006 ന് കൈപ്പറ്റിയ അപേക്ഷക്ക് 15.11.2006 ന് എതൃകക്ഷി മറുപടി നൽകി. ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ ഒരു കേസുമായി ബന്ധപ്പെട്ട് വക്കീലിന്റെ കൈവശമായതിനാൽ പെട്ടെന്ന് നൽകുവാൻ പ്രയാസമാണെന്നാണ് എതൃകക്ഷി നൽകിയ മറുപടി. ഈ മറുപടിയിൽ പരാതിപ്പെട്ടുകൊ ാണ് ഹർജിക്കാരൻ വിവരാവകാശ കമ്മിഷൻ മുമ്പാകെ ഈ പരാതി സമർപ്പിച്ചിരിക്കുന്നുത്.

3. പരാതിയുടെ ഒരു പകർപ്പ് എതൃകക്ഷിക്ക് അയച്ചുകൊടുത്തുകൊ ്, ഹർജിയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിഷൻ നോട്ടീസ് നൽകി. ഇതിന് മറുപടിയായി 12.01.2007 തീയതി വച്ച് കമ്മിഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ, പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ്

12.01.2007 ന് പരാതിക്കാരന് രജിസ്ട്രേഡ് തപാലിൽ അയച്ചുകൊടുത്തുവെന്ന് അറിയിച്ചു.

4. പരാതിക്കാരൻ 31.09.2006 ന് സമർപ്പിച്ച അപേക്ഷ തീർപ്പാക്കിയിരിക്കുന്നത് വിവരാവകാശ നിയമം 7(1) വകുപ്പിൽ നിഷ്ക്കർഷിച്ചിട്ടുള്ള സമയപരിധി ലംഘിച്ചാണെന്ന് കണ്ടെത്തിയ കമ്മിഷൻ, എതൃകക്ഷിക്ക് എതിരെ വിവരാവകാശ നിയമം 20-ാം വകുപ്പ് പ്രകാരം നടപടി എടുക്കാതിരിക്കുന്നതിന് കാരണം കാണിക്കൽ നോട്ടീസ് നൽകി. ഇതനുസരിച്ച്, എതൃകക്ഷി 24.05.2007 ന് കമ്മിഷൻ മുമ്പാകെ നേരിൽ ഹാജരാകുകയും വാക്കാലും രേഖാമൂലവുമുള്ള വിശദീകരണം നൽകുകയും ചെയ്തു.

5. പരാതിയും, എതൃകക്ഷിയുടെ റിപ്പോർട്ടും, എതൃകക്ഷി വാക്കാലും രേഖാമൂലവും നൽകിയ വിശദീകരണവും വിശദമായി പരിശോധിച്ച കമ്മിഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തി.

i. പരാതിക്കാരൻ 31.01.2006 ന് സമർപ്പിച്ച അപേക്ഷക്ക് മറുപടി നൽകിയത് 44 ദിവസത്തിന് ശേഷമാണ്. പരാതിക്കാരൻ ആവശ്യപ്പെട്ട രേഖ വക്കീലിന്റെ കൈവശമായതിനാൽ നൽകാൻ പ്രയാസമാണെന്നും കിട്ടിയാൽ നൽകുന്നതാണെന്നുമുള്ള മറുപടിയാണ് എതൃകക്ഷി നൽകിയത്. വക്കീലിന്റെ കൈവശമുള്ള രേഖ മടക്കി വാങ്ങുവാൻ എതൃകക്ഷി എന്തെങ്കിലും ശ്രമം നടത്തിയതായി കാണുന്നില്ല. ഇത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനമാണെന്ന് കമ്മിഷൻ കണ്ടെത്തി.

ii. പരാതിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തിയതിന് എതൃകക്ഷി കമ്മിഷൻ മുമ്പാകെ ബോധിപ്പിച്ച കാരണങ്ങൾ ന്യായീകരിക്കാവുന്നതല്ലായെന്ന് കമ്മിഷൻ നീരിക്ഷിച്ചു.

6. മേൽ പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ ഇനി പറയും പ്രകാരം ഉത്തരവാകുന്നു.

i. പരാതിക്കാരന് എതൃകക്ഷി നൽകിയ വിവരങ്ങളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ വിവരാവകാശ നിയമം 19(1) വകുപ്പ് പ്രകാരം ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഇതിന്, ഈ ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി 30 ദിവസം വരെ സമയം അനുവദിച്ചിരിക്കുന്നു.

ii. ഹർജിക്കാരന്റെ അപേക്ഷക്ക് മറുപടി നൽകുന്നതിന്, വിവരാവകാശ നിയമം 7(1) വകുപ്പ് നിഷ്ക്കർഷിക്കുന്ന സമയപരിധിയെക്കാൾ 14 ദിവസത്തെ കാലതാമസമുണ്ടായിട്ടുണ്ട്. വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം, താമസം വരുത്തിയ ഓരോ ദിവസത്തിനും 250/- രൂപാ നിര

ക്കിൽ പിഴ ഒടുക്കുവാൻ എതൃകക്ഷി ബാദ്ധ്യസ്ഥനാണ്. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷക്ക് മറുപടി നൽകുന്നതിലു ായ 14 ദിവസത്തെ കാലതാമസത്തിന്, ദിനംപ്രതി 250/- രൂപാ നിരക്കിൽ, ആകെ 3500/- രൂപ പിഴ ശിക്ഷ വിധിച്ചുകൊ ് കമ്മിഷൻ ഉത്തരവാകുന്നു. ഈ ഉത്തരവു ലഭിച്ച് 30 ദിവസത്തിനകം എതൃകക്ഷി "0070-60-800-36 Receipts under Right to Information Act 2005" എന്ന Head of Account-ൽ പിഴസംഖ്യ ഒടുക്കി കമ്മിഷൻ സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തേ താണ്. അല്ലാത്ത പക്ഷം എതൃകക്ഷിയുടെ സ്ഥാവര ജംഗമ വസ്തുക്കൾ ജപ്തി ചെയ്ത് സംഖ്യ ഈടാക്കുന്നതാണ്.

2007 ജൂലൈ മാസം 13-ാം തീയതിയിൽ ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.